**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6052** **09-11-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസിലെ നിയമനവും പ്രൊമോഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് ബി.എസ്.സി. ബിരുദധാരികൾക്ക് വേണ്ടിയുള്ള പി.എസ്.സി.യുടെ 544/17 വിജ്ഞാപന പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം ലഭിച്ചു എന്ന് അറിയിക്കുമോ; | (എ) | ഏഴ് പേർക്ക് നിയമനം ലഭിച്ചു. |
| (ബി) | 2021 ൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; പ്രസ്തുത ഒഴിവുകളിലേക്ക് എത്ര റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിൽ 2021-ൽ ഏഴ് ഒഴിവുകളുണ്ടായതിൽ, രണ്ട് ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ് ഫോറസ്റ്റ് സർവീസിലെ ഉദ്യോഗസ്ഥർക്ക് ഐ.എഫ്.എസ്. കൊടുക്കുന്നതിന് 2020 വർഷത്തിലേക്ക് എത്ര വേക്കൻസി മാറ്റി വച്ചിട്ടുണ്ട്; 2020-ലെ സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് നടത്തുന്നതിനു വേണ്ട ശിപാർശ യഥാസമയം തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; അറിയിക്കുമോ; | (സി) | നാല് വേക്കൻസികൾ മാറ്റി വച്ചിട്ടുണ്ട്. 2020-ലെ സെലക്ഷൻ കമ്മിറ്റി മീറ്റിങ്ങിലേയ്ക്കായി വനം വകുപ്പ് മേധാവി ലഭ്യമാക്കിയ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ പ്രൊമോഷനും സ്റ്റേറ്റ് സർവീസിൽ നിന്നും ഐ.എഫ്.എസ്. ലഭിക്കേണ്ട ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റവും യഥാസമയം നടത്താത്തത് മൂലം 544/17 വിജ്ഞാപന പ്രകാരമുള്ള ലിസ്റ്റിൽ നിന്നും കുറവ് നിയമനം മാത്രമേ നടന്നുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് ഐ.എഫ്.എസ് നൽകുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റി കൂടി നിയമനം നടന്നുവരുന്നതിനെ തുടർന്ന് വരുന്ന ഒഴിവുകളിൽ യഥാസമയം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് നിയമനം നൽകി വരുന്നുണ്ട് . |
| (ഇ) | 9 വർഷത്തിനു ശേഷം നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ ( വിജ്ഞാപനം 544/17) കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടിക (വിജ്ഞാപനം 544/17) യുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ